# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഒക്ടോബർ 3

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം. പ്രൈവറ്റ് രജിസ്‌ട്രേഷൻ (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്, 2004-2013 അഡ്മിഷൻ-അദാലത്ത്-സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) ഒക്ടോബർ 2019 പരീക്ഷകൾ ഒക്ടോബർ 16 മുതൽ ആരംഭിക്കും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരീക്ഷ. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം. പ്രൈവറ്റ് രജിസ്‌ട്രേഷൻ (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്, 2004-2013 അഡ്മിഷൻ-അദാലത്ത്-സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) ഒക്ടോബർ 2019 പരീക്ഷകൾ ഒക്ടോബർ 30 മുതൽ ആരംഭിക്കും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരീക്ഷ. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1775/2019)

രണ്ടാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്‌ട്രോണിക്‌സ് (സി.എസ്.എസ്.-2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ് - അഫിലിയേറ്റഡ് കോളേജുകൾ മാത്രം) പരീക്ഷകൾ ഒക്ടോബർ 16 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1776/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. ഹോം സയൻസ് ബ്രാഞ്ച് എ, ബ്രാഞ്ച് ഡി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1777/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1778/2019)

## ബി.എഡ്. പ്രിൻസിപ്പൽമാരുടെ യോഗം ഒക്ടോബർ അഞ്ചിന്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ ബി.എഡ്. കോളേജിലെയും പ്രിൻസിപ്പൽമാരുടെ യോഗം ഒക്ടോബർ അഞ്ചിന് ഉച്ചയ്ക്ക് രണ്ടിന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/1779/2019)

## 'ഗാന്ധിജിയും രാജ്യാന്തര ബന്ധങ്ങളും'; പ്രഭാഷണം ഇന്ന് (ഒക്ടോബർ 4)

ഗാന്ധിജിയുടെ 150-ാം ജന്മവാർഷികാഘോഷത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സ് സംഘടിപ്പിക്കുന്ന പ്രഭാഷണപരിപാടി ഇന്ന് (ഒക്ടോബർ നാല്) നടക്കും. രാവിലെ 11.30ന് സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് സെമിനാർ ഹാളിൽ 'ഗാന്ധിജിയും രാജ്യാന്തര ബന്ധങ്ങളും' എന്ന വിഷയത്തിൽ കേന്ദ്ര സർവകലാശാല ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സ് വകുപ്പിലെ അധ്യാപകനും ഗാന്ധിയൻ സ്റ്റഡീസ് സെന്റർ കോ-ഓർഡിനേറ്ററുമായ പ്രൊഫ. ജോൺ എസ്. മൂലക്കാട്ട് പ്രഭാഷണം

## Repeated News

### പ്രകൃതിയുടെ നിലനിൽപ്പിനെ ബാധിക്കാതെ ജീവിക്കണം: പ്രൊഫ. സാബു തോമസ്

## ശുചിത്വസന്ദേശം നാടിനാകെ പകരുന്ന യജ്ഞങ്ങൾക്ക് തുടക്കമിട്ട് മഹാത്മാഗാന്ധി സർവകലാശാലയിൽ ഗാന്ധിജയന്തി ആഘോഷം

നമ്മുടെ ജീവിതരീതി പ്രകൃതിയുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിനെ ദോഷകരമായി ബാധിക്കാത്തതായിരിക്കണമെന്ന മഹത്തായ സന്ദേശമാണ് ഗാന്ധിജി സ്വന്തം ജീവിതത്തിലൂടെ കാട്ടിത്തന്നതെന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ഗാന്ധിജിയുടെ 150-ാം ജന്മവാർഷികദിനാഘോഷവും എൻ.എസ്.എസിന്റെ ശുചിത്വസാക്ഷരത യജ്ഞവും ലൈഫ് ലോങ് ലേണിങ്-എക്സ്റ്റൻഷൻ പഠനവകുപ്പിന്റെ 'ഗാന്ധിദർശൻ' പരിപാടിയും സർവകലാശാല മെഗാ ശുചീകരണ യജ്ഞവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മണ്ണ്, വായു, ജലം, സസ്യങ്ങൾ, ജീവജാലങ്ങൾ ഇവയെ ദോഷകരമായി ബാധിക്കുന്ന ഒരു പ്രവൃത്തിയും നാം ചെയ്യരുത്. നമ്മുടെ ജീവിതവും രീതികളും അതനുസരിച്ച് ക്രമപ്പെടുത്തണം. അഹിംസ, സത്യം എന്നിവയെ പടവാളാക്കിയ ഗാന്ധിജി പ്രകൃതിയുടെയും മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിന് ദോഷകരമാകുന്ന പ്രവൃത്തികൾ ചെയ്യാതിരിക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, പ്രൊഫ. ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, ഫാ. ഡോ. കെ.എം. ജോർജ്, ഡോ. ബിജു ലക്ഷ്മണൻ, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പ്രസംഗിച്ചു. എൻ.എസ്.എസിന്റെ 150 ദിവസം നീണ്ടു നിൽക്കുന്ന ശുചിത്വ സാക്ഷരത യജ്ഞത്തിന്റെ ലഘുലേഖ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കു നൽകി വൈസ് ചാൻസലർ പ്രകാശനം ചെയ്തു. ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചനയോടെയാണ് ആഘോഷപരിപാടികൾക്ക് തുടക്കമായത്. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ സർവമത പ്രാർഥന നടന്നു.

അമലഗിരി ബി.കെ., മാന്നാനം കെ.ഇ., സർവകലാശാല കാമ്പസ് യൂണിറ്റ് എന്നിവിടങ്ങളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരും വിവിധ പഠനവകുപ്പുകളിലെ അധ്യാപകർ, വിദ്യാർഥികൾ, സർവകലാശാല ജീവനക്കാർ, സുരക്ഷാ ജീവനക്കാർ എന്നിവരും ചേർന്ന് സർവകലാശാല കാമ്പസ് ശുചീകരിച്ചു. അഞ്ഞൂറിലധികം എൻ.എസ്.എസ്. വോളണ്ടിയർമാർ യജ്ഞത്തിൽ പങ്കാളികളായി. സർവകലാശാലയ്ക്കു സമീപത്തെ ഗ്രാമീണ റോഡുകളും ശുചീകരിച്ചു. സിൻഡിക്കേറ്റംഗം ഡോ. കെ.എം. കൃഷ്ണൻ, പ്രൊഫ. റോബിനറ്റ് ജേക്കബ്, ഡോ. ഇ.വി. രാമസ്വാമി, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. പി.പി. നൗഷാദ്, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരായ ദിയ ഫിലിപ്പ്, ബ്രിജിത്ത് പോൾ, നീതു ജോസ്, സിസ്റ്റർ ബീന ജോസഫ്, എസ്റ്റേറ്റ് ഓഫീസർ ആർ. വെങ്കിടേശ്വരൻ എന്നിവർ നേതൃത്വം നൽകി.

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷത്തിന്റെയും എൻ.എസ്.എസിന്റെ സുവർണ ജൂബിലി ആഘോഷത്തിന്റെയും ഭാഗമായാണ് ശുചിത്വ സാക്ഷരത യജ്ഞം നടത്തുന്നത്. ആവശ്യമില്ലെന്ന് തോന്നുന്ന വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, അവ തരംതിരിച്ച് നിക്ഷേപിക്കുക, സംസ്കരിക്കുക, പ്ലാസ്റ്റിക് കത്തിക്കാതിരിക്കുക, പൊതുസ്ഥലങ്ങൾ മാലിന്യമുക്തമായി സംരക്ഷിക്കുക തുടങ്ങി അടിസ്ഥാന ശുചിത്വകാര്യങ്ങൾ ഉൾപ്പെടുത്തി വിദ്യാർഥികളിലൂടെ പുതിയ ശുചിത്വ സംസ്കാരം സമൂഹത്തിലേക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്ന യജ്ഞം 2020 മാർച്ച് രണ്ടിനാണ് സമാപിക്കുന്നത്. കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകൾ വഴിയാണ് യജ്ഞം നടപ്പാക്കുക.

ഗാന്ധിയൻ ആശയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പങ്കാളിത്ത ഗ്രാമങ്ങളിലും പ്രചരിപ്പിക്കുകയാണ് ഗാന്ധി ദർശൻ പരിപാടിയുടെ ലക്ഷ്യം. ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനാണ് പരിപാടി നടപ്പാക്കുന്നത്.

# <u>ഫോട്ടോ കാപ്ഷൻ</u>

മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന ഗാന്ധിജിയുടെ 150-ാം ജന്മവാർഷികദിനാഘോഷവും എൻ.എസ്.എസിന്റെ ശുചിത്വസാക്ഷരത യജ്ഞവും ലൈഫ് ലോങ് ലേണിങ്-എക്സ്റ്റൻഷൻ പഠനവകുപ്പിന്റെ 'ഗാന്ധി ദർശൻ' പരിപാടിയും സർവകലാശാല മെഗാ ശുചീകരണ യജ്ഞവും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

ഗാന്ധിജിയുടെ 150-ാം ജന്മവാർഷികദിനാഘോഷത്തിന്റെ ഭാഗമായി നടന്ന മഹാത്മാഗാന്ധി സർവകലാശാല കാമ്പസ് ശുചീകരണ യജ്ഞം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 3

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം. പ്രൈവറ്റ് രജിസ്‌ട്രേഷൻ (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്, 2004-2013 അഡ്മിഷൻ-അദാലത്ത്-സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) ഒക്ടോബർ 2019 പരീക്ഷകൾ ഒക്ടോബർ 16 മുതൽ ആരംഭിക്കും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരീക്ഷ. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം. പ്രൈവറ്റ് രജിസ്‌ട്രേഷൻ (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്, 2004-2013 അഡ്മിഷൻ-അദാലത്ത്-സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) ഒക്ടോബർ 2019 പരീക്ഷകൾ ഒക്ടോബർ 30 മുതൽ ആരംഭിക്കും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരീക്ഷ. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1775/2019)

രണ്ടാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്‌ട്രോണിക്‌സ് (സി.എസ്.എസ്.-2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ് - അഫിലിയേറ്റഡ് കോളേജുകൾ മാത്രം) പരീക്ഷകൾ ഒക്ടോബർ 16 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1776/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. ഹോം സയൻസ് ബ്രാഞ്ച് എ, ബ്രാഞ്ച് ഡി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1777/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1778/2019)

## ബി.എഡ്. പ്രിൻസിപ്പൽമാരുടെ യോഗം ഒക്ടോബർ അഞ്ചിന്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ ബി.എഡ്. കോളേജിലെയും പ്രിൻസിപ്പൽമാരുടെ യോഗം ഒക്ടോബർ അഞ്ചിന് ഉച്ചയ്ക്ക് രണ്ടിന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/1779/2019)

## 'ഗാന്ധിജിയും രാജ്യാന്തര ബന്ധങ്ങളും'; പ്രഭാഷണം ഇന്ന് (ഒക്ടോബർ 4)

ഗാന്ധിജിയുടെ 150-ാം ജന്മവാർഷികാഘോഷത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സ് സംഘടിപ്പിക്കുന്ന പ്രഭാഷണപരിപാടി ഇന്ന് (ഒക്ടോബർ നാല്) നടക്കും. രാവിലെ 11.30ന് സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് സെമിനാർ ഹാളിൽ 'ഗാന്ധിജിയും രാജ്യാന്തര ബന്ധങ്ങളും' എന്ന വിഷയത്തിൽ കേന്ദ്ര സർവകലാശാല ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സ് വകുപ്പിലെ അധ്യാപകനും ഗാന്ധിയൻ സ്റ്റഡീസ് സെന്റർ കോ-ഓർഡിനേറ്ററുമായ പ്രൊഫ. ജോൺ എസ്. മൂലക്കാട്ട് പ്രഭാഷണം

## Repeated News

## പ്രകൃതിയുടെ നിലനിൽപ്പിനെ ബാധിക്കാതെ ജീവിക്കണം: പ്രൊഫ. സാബു തോമസ്

## ശുചിത്വസന്ദേശം നാടിനാകെ പകരുന്ന യജ്ഞങ്ങൾക്ക് തുടക്കമിട്ട് മഹാത്മാഗാന്ധി സർവകലാശാലയിൽ ഗാന്ധിജയന്തി ആഘോഷം

നമ്മുടെ ജീവിതരീതി പ്രകൃതിയുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിനെ ദോഷകരമായി ബാധിക്കാത്തതായിരിക്കണമെന്ന മഹത്തായ സന്ദേശമാണ് ഗാന്ധിജി സ്വന്തം ജീവിതത്തിലൂടെ കാട്ടിത്തന്നതെന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ഗാന്ധിജിയുടെ 150-ാം ജന്മവാർഷികദിനാഘോഷവും എൻ.എസ്.എസിന്റെ ശുചിത്വസാക്ഷരത യജ്ഞവും ലൈഫ് ലോങ് ലേണിങ്-എക്സ്റ്റൻഷൻ പഠനവകുപ്പിന്റെ 'ഗാന്ധിദർശൻ' പരിപാടിയും സർവകലാശാല മെഗാ ശുചീകരണ യജ്ഞവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മണ്ണ്, വായു, ജലം, സസ്യങ്ങൾ, ജീവജാലങ്ങൾ ഇവയെ ദോഷകരമായി ബാധിക്കുന്ന ഒരു പ്രവൃത്തിയും നാം ചെയ്യരുത്. നമ്മുടെ ജീവിതവും രീതികളും അതനുസരിച്ച് ക്രമപ്പെടുത്തണം. അഹിംസ, സത്യം എന്നിവയെ പടവാളാക്കിയ ഗാന്ധിജി പ്രകൃതിയുടെയും മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിന് ദോഷകരമാകുന്ന പ്രവൃത്തികൾ ചെയ്യാതിരിക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, പ്രൊഫ. ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, ഫാ. ഡോ. കെ.എം. ജോർജ്, ഡോ. ബിജു ലക്ഷ്മണൻ, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പ്രസംഗിച്ചു. എൻ.എസ്.എസിന്റെ 150 ദിവസം നീണ്ടു നിൽക്കുന്ന ശുചിത്വ സാക്ഷരത യജ്ഞത്തിന്റെ ലഘുലേഖ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കു നൽകി വൈസ് ചാൻസലർ പ്രകാശനം ചെയ്തു. ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചനയോടെയാണ് ആഘോഷപരിപാടികൾക്ക് തുടക്കമായത്. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ സർവമത പ്രാർഥന നടന്നു.

അമലഗിരി ബി.കെ., മാന്നാനം കെ.ഇ., സർവകലാശാല കാമ്പസ് യൂണിറ്റ് എന്നിവിടങ്ങളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരും വിവിധ പഠനവകുപ്പുകളിലെ അധ്യാപകർ, വിദ്യാർഥികൾ, സർവകലാശാല ജീവനക്കാർ, സുരക്ഷാ ജീവനക്കാർ എന്നിവരും ചേർന്ന് സർവകലാശാല കാമ്പസ് ശുചീകരിച്ചു. അഞ്ഞൂറിലധികം എൻ.എസ്.എസ്. വോളണ്ടിയർമാർ യജ്ഞത്തിൽ പങ്കാളികളായി. സർവകലാശാലയ്ക്കു സമീപത്തെ ഗ്രാമീണ റോഡുകളും ശുചീകരിച്ചു. സിൻഡിക്കേറ്റംഗം ഡോ. കെ.എം. കൃഷ്ണൻ, പ്രൊഫ. റോബിനറ്റ് ജേക്കബ്, ഡോ. ഇ.വി. രാമസ്വാമി, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. പി.പി. നൗഷാദ്, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരായ ദിയ ഫിലിപ്പ്, ബ്രിജിത്ത് പോൾ, നീതു ജോസ്, സിസ്റ്റർ ബീന ജോസഫ്, എസ്റ്റേറ്റ് ഓഫീസർ ആർ. വെങ്കിടേശ്വരൻ എന്നിവർ നേതൃത്വം നൽകി.

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷത്തിന്റെയും എൻ.എസ്.എസിന്റെ സുവർണ ജൂബിലി ആഘോഷത്തിന്റെയും ഭാഗമായാണ് ശുചിത്വ സാക്ഷരത യജ്ഞം നടത്തുന്നത്. ആവശ്യമില്ലെന്ന് തോന്നുന്ന വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, അവ തരംതിരിച്ച് നിക്ഷേപിക്കുക, സംസ്കരിക്കുക, പ്ലാസ്റ്റിക് കത്തിക്കാതിരിക്കുക, പൊതുസ്ഥലങ്ങൾ മാലിന്യമുക്തമായി സംരക്ഷിക്കുക തുടങ്ങി അടിസ്ഥാന ശുചിത്വകാര്യങ്ങൾ ഉൾപ്പെടുത്തി വിദ്യാർഥികളിലൂടെ പുതിയ ശുചിത്വ സംസ്കാരം സമൂഹത്തിലേക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്ന യജ്ഞം 2020 മാർച്ച് രണ്ടിനാണ് സമാപിക്കുന്നത്. കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകൾ വഴിയാണ് യജ്ഞം നടപ്പാക്കുക.

ഗാന്ധിയൻ ആശയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പങ്കാളിത്ത ഗ്രാമങ്ങളിലും പ്രചരിപ്പിക്കുകയാണ് ഗാന്ധി ദർശൻ പരിപാടിയുടെ ലക്ഷ്യം. ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനാണ് പരിപാടി നടപ്പാക്കുന്നത്.

# <u>ഫോട്ടോ കാപ്ഷൻ</u>

മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന ഗാന്ധിജിയുടെ 150-ാം ജന്മവാർഷികദിനാഘോഷവും എൻ.എസ്.എസിന്റെ ശുചിത്വസാക്ഷരത യജ്ഞവും ലൈഫ് ലോങ് ലേണിങ്-എക്സ്റ്റൻഷൻ പഠനവകുപ്പിന്റെ 'ഗാന്ധി ദർശൻ' പരിപാടിയും സർവകലാശാല മെഗാ ശുചീകരണ യജ്ഞവും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

ഗാന്ധിജിയുടെ 150-ാം ജന്മവാർഷികദിനാഘോഷത്തിന്റെ ഭാഗമായി നടന്ന മഹാത്മാഗാന്ധി സർവകലാശാല കാമ്പസ് ശുചീകരണ യജ്ഞം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ